സർ, മുഖ്യമന്ത്രി അവിടെനിന്നു മടങ്ങിവരുന്ന വിവരത്തെ സംബന്ധിച്ച വിവരം അറിയുന്നത് നിയമസഭ ഇല്ലാതിരുന്ന ദിവസമായിരുന്നു. എനിക്കു കേബിൾ വന്നപ്പോൾ ഉടൻതന്നെ പി.ടി.ഐ.ക്കു വിവരം നൽകി. അന്നേദിവസംതന്നെ എല്ലാ പത്രങ്ങൾക്കും വിവരം നൽകിയിരുന്നു. അതിനുശേഷം ആദ്യം പറഞ്ഞ തീയതിക്കും വരുന്ന സമയത്തിനും മാറ്റം വന്നിട്ടില്ല. ഞാൻ പത്രത്തിനു വാർത്ത കൊടുത്തതിനേക്കാൾ വിശദമായിട്ടു കേരളകൗമുദിയും മറ്റുചില പത്രങ്ങളും ഇതുസംബന്ധിച്ച വിവരങ്ങൾ വിശദമായി എഴുതിയിട്ടുണ്ടായിരുന്നു.

ഇന്നലെ ആറര മണിക്കു വരുമെന്നായിരുന്നു വിവരം കിട്ടിയത്. ആ സമയത്തു നിയമസഭ ഇല്ലാത്തതിനാൽ എല്ലാ എം.എൽ.എ.മാർക്കും പോകാൻ സൗകര്യമുണ്ടായിരുന്നു. ആ നിലയ്ക്കു സഭാനേതാവു നേരത്തെ ഈകാര്യം അറിയിക്കാതിരുന്നതുകൊണ്ട് പോകാൻ കഴിഞ്ഞില്ല എന്നു പറഞ്ഞത് ഞാൻ വിശ്വസിക്കുന്നില്ല. സഭയോടുള്ള അനാദരവായി ചിത്രീകരിക്കുന്നത് കഴിഞ്ഞ ചില ദിവസങ്ങളായി കരുതിക്കൂട്ടി ചെയ്യുന്ന ആരോപണംപോലെ കരുതാനേ നിവൃത്തിയുള്ളൂ. അതു ഞാൻ സ്വീകരിക്കുന്നില്ല.

അവിടെ പോകണമെന്നുള്ളവർ പോയിട്ടുണ്ടെന്നല്ലാതെ ഇക്കാര്യത്തിൽ മറ്റൊന്നും പറയാനില്ല.

II. ADJOURNMENT MOTION

(i) THEFTS AND DESTRUCTION TO CARDAMOM PLANTS IN THE MUNNAR AND UDUMBANCHOLA AREAS

ഡെപ്യൂട്ടി സ്പീക്കർ: മൂന്നാർ ഉടുമ്പൻചോല ഏലത്തോട്ടത്തിൽ നടന്ന മോഷണത്തേയും, പോലീസിന്റെ അനധികൃതമായ ഇടപെടലിനേയും തുടർന്ന് സംജാതമായിട്ടുള്ള ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ ശ്രീ. എൻ. ഗണപതി ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഇതിനെ സംബന്ധിച്ച് ഒന്നുകൂടി അന്വേഷിച്ചതിനുശേഷം മാത്രമേ മറുപടി പറയാൻ പറ്റൂ. ഈ വിവരം നേരത്തെ ശ്രീ. ഗണപതി എന്നോടു പറഞ്ഞിരുന്നു. ഞാൻ ഐ. ജി. യെ വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയിട്ടില്ല.

(ii) ATTACK ON HARIJANS IN NEDUPUZHA

ഡെപ്യൂട്ടി സ്പീക്കർ: ഇന്നലത്തെ, ശ്രീ. കെ. കരുണാകരന്റെ ഒരു പ്രമേയത്തിനെപ്പറ്റി പ്രസ്താവന ചെയ്യാനുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: അതിനെപ്പറ്റി ഇന്നു 8-45-നകം വിവരം തരാമെന്നായിരുന്നു ഐ. ജി. യുടെ റിപ്പോർട്ട്. ഇതുവരെ കിട്ടിയില്ല. നാളെയോ മറ്റന്നാളോ വിവരം കിട്ടിയിട്ട് പറയാം.

LIBRARY ARCHIVES Kerala Legislative Assembly